**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 178** **05-12-2022 - ൽ മറുപടിയ്ക്ക്**

**വർക്കല മണ്ഡലത്തിൽ സർക്കാർ ആശുപത്രികളിലെ വികസന പ്രവർത്തനങ്ങൾ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><th colspan="2">ശ്രീ വി ജോയി</th><th colspan="2">ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)</th></tr>
<tr><td>(എ)</td><td>കഴിഞ്ഞ സർക്കാർ (2016-21) അധികാരത്തിൽ വന്നതിനുശേഷം വർക്കല മണ്ഡലത്തിലെ ഗവ. ആശുപത്രികളിൽ നടത്തിയിട്ടുള്ളതും, നടത്തുവാൻ വിഭാവനം ചെയ്തിട്ടുള്ളതുമായ വികസന പ്രവർത്തനങ്ങൾ വിശദമാക്കാമോ?</td><td>(എ)</td><td>
കഴിഞ്ഞ സർക്കാർ (2016-21) അധികാരത്തിൽ വന്നതിന് ശേഷം ആർദ്രം പദ്ധതിയുടെ ഭാഗമായി താഴെ പറയുന്ന പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ട്. ഇവയുടെ നിലവിലെ സ്ഥിതിയും ചുവടെ ചേർക്കുന്നു.
<table>
<tr><th>സ്ഥാപനം</th><th>നിലവിലെ സ്ഥിതി</th></tr>
<tr><td>ചെമ്മരുതി</td><td rowspan="5">നിർമ്മാണ നവീകരണ പ്രവർത്തികൾ പൂർത്തീകരിച്ച കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തി</td></tr>
<tr><td>വെട്ടൂർ</td></tr>
<tr><td>ഇടവ</td></tr>
<tr><td>മടവൂർ</td></tr>
<tr><td>തോണിപ്പാറ</td></tr>
<tr><td>നാവായിക്കുളം</td><td>നിർമ്മാണ നവീകരണ പ്രവർത്തികൾ പുരോഗമിക്കുന്നു</td></tr>
</table>
എഫ്.എച്ച്.സി വെട്ടൂരിന് പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി പുതിയ ഒ പി കെട്ടിടം നിർമ്മിക്കുന്നതിനായി 22.11.2019 ലെ സ.ഉ(സാധാ) നം.2804/2019/ആ.കു.വ പ്രകാരം 2 കോടി 25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്.<br><br>
സി.എച്ച്.സി പള്ളിക്കലിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 2.92 കോടി രൂപ major constructions under DHS എന്ന ശീർഷകത്തിൽ അനുവദിച്ച് നിർമ്മാണ പ്രവർത്തനം നടന്നു വരുന്നു. കൂടാതെ നബാർഡ് വഴി 6 കോടി രൂപ അനുവദിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്.<br><br>
വർക്കല താലൂക്ക് ആശുപത്രിയിൽ 3 കോടി 60 ലക്ഷം രൂപയുടെ 10 യൂണിറ്റുകൾ ഉള്ള ഡയാലിസിസ് യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 7 കോടി രൂപയുടെ പി.ഡബ്യൂ ഡി സ്പെഷ്യൽ ബിൽഡിംഗിന്റെ കെട്ടിടത്തിന്റെ നിർമ്മാണം അവസാനഘട്ടത്തിലാണ്. ആയത് പൂർത്തിയാക്കുന്നതിലേക്ക്, 24.11.2021 ലെ GO (Rt) No.2623/2021/ ആ.കു.വ പ്രകാരം Providing Transformer and Installation of Lift in Government TH Varkala എന്ന പ്രവൃത്തിയ്ക്കായി 1 കോടി 69 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തീരദേശ വികസന
</td></tr>
</table>

**ഫണ്ട് ഉപയോഗിച്ച് രണ്ട് നിലകളുള്ള പാലിയേറ്റീവ് കെയർ വാർഡിന്റെ പണി പൂർത്തിയായി. കിഫ്ബി പദ്ധതി മുഖേനയുള്ള നിർമ്മാണ പ്രവൃത്തികൾക്ക് 33.26 കോടി രൂപയുടെ ധനാനുമതിയും നൽകുകയും അതുമായി ബന്ധപ്പെട്ട് കെട്ടിടങ്ങൾ പൊളിച്ചു മാറ്റുന്നതിനുള്ള ടെൻഡർ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.**

**താഴെ പറയുന്ന സ്ഥാപനങ്ങളെ ഹെൽത്ത് & വെൽനസ്സ് സെന്ററായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്.**

| **സ്ഥാപനം** | **തൽസ്ഥിതി** |
|---|---|
| കുന്നത്തുമല | നിർമ്മാണ നവീകരണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു |
| FWC മുട്ടപ്പാലം | |
| ചെമ്മരുതിപ്രധാനകേന്ദ്രം | |
| എഫ്.ഡബ്ല്യൂ.സി തോക്കാട് | |
| മടവൂർ | |
| FWC ആനകുന്നം | |
| വെങ്കുളം | |
| കാപ്പിൽ | |
| എടവഎം.സി | |
| രാത്തിക്കൽ | |
| പുത്തൻചന്ത | |
| ഇലകമൺ | |
| എഫ്.ഡബ്ല്യൂ.സി തോണിപ്പാറ എം.സി | |

സെക്ഷൻ ഓഫീസർ